# ദേവീസഹായം എൽ.പി.സ്കൂൾ

## ആലക്കാട്



കുഞ്ഞുകഥകൾ

# തേൻമുട്ടായി

ആഘ്നജ്.കെ

ഒന്നാംതരം

# ആമുഖം

ഒന്നാംക്ലാസ്സിലെ കുട്ടികളുടെ സർഗ്ഗാത്മക രചനയും ചിന്താ ശേഷിയും വളർത്തിയെടുക്കാൻ പൊതുവിദ്യാലയങ്ങളിൽ ഈ വർഷം നടപ്പിലാക്കിയ പദ്ധതിയാണ് രചനോത്സവം. സചിത്ര പുസ്തകം, സംയുക്ത ഡയറി തുടങ്ങിയ നൂതനാശയങ്ങളിലൂടെ കുട്ടികൾക്ക് അവരുടെ ഭാഷാപരമായ കഴിവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴുമാസക്കാലമായി നമ്മുടെ ഒന്നാം ക്ലാസ്സിലെ കുട്ടികൾ രചനോത്സവത്തിന്റെ ഭാഗമായി സ്വതന്ത്ര രചനയിലേർപ്പെടുന്നു.

ആഘ്നജ്. കെ, എഴുതിയ ഇരുപതോളം കുഞ്ഞുകഥക ളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



ആഘ്നജ്. കെ

# ഉള്ളടക്കം


1. സുന്ദരിക്കാക്കയുടെ പായസം
2. നല്ല ചങ്ങാതിമാർ
3. വികൃതിക്കാരനായ പട്ടിക്കുട്ടി
4. കാട്ടിലെ കൂട്ടുകാർ
5. ചിത്രകാരിയായ കാത്തു
6. ചിക്കുവും മിക്കുവും
7. വികൃതികളായ കരടികൾ
8. പൂച്ചയ്ക്കു പറ്റിയ അബദ്ധം
9. ഡോക്ടറും കരടിയും
10. സ്നേഹമുള്ള നായക്കുട്ടൻ
11. ഒറ്റപ്പെട്ട ആനക്കുട്ടൻ
12. പിറന്നാളാഘോഷം
13. കരടിയും കുട്ടിയും
14. അമ്മിണിത്താറാവും കുഞ്ഞുങ്ങളും
15. അക്കുക്കുറുക്കന്റെ വിഷമം
16. ആനയും കുട്ടികളും
17. കുഞ്ഞിക്കോഴിയുടെ മോഹം
18. ആർക്കും കിട്ടാത്ത ആപ്പിൾ
19. നന്മയുള്ളവർ
20. അനുസരണക്കേടിന്റെ ഫലം

# സുന്ദരി കാക്കയുടെ പായസം



അങ്ങനെ വീടു പണി തീർന്നു
വീട്ടിലേക്ക് കൂട്ടുകാരെ ക്ഷണിക്കാം
പായസവും കൊടുക്കാം



നീലി കൊക്കെ നീ
എൻറെ വീട്ടിലേക്ക്
വരണം എൻറെ
പുതിയ വീട്
കാണാൻ

ഓ അതിനെന്താ വരാമല്ലോ
തീർച്ചയായും വരാം





മിട്ടു തത്തേ നീ
എൻറെ വീട്ടിലേക്ക്
വരണം

ഓ തീർച്ചയായും
വരാം





പൂവാലൻ കോഴി നീ
എൻറെ വീട്ടിലേക്ക് വരണം

ഓ
അതിനെന്താ
വരാമല്ലോ




കൂട്ടുകാർ വീട്ടിലേക്ക് വന്നതിലും
അവർക്ക് പായസം കൊടുക്കാൻ
കഴിഞ്ഞതിലും എനിക്ക് ഒരുപാട്
സന്തോഷമായി



Poster Maker

# നല്ല ചങ്ങാതിമാർ

ചിന്നു താറാവും ചിക്കുത്തവളയും നല്ല ചങ്ങാതിമാരായിരുന്നു അവർ വെള്ളത്തിലൂടെ നീന്തിക്കളിക്കുകയായിരുന്നു അപ്പോൾ ചിക്കു തവള ചിന്നു താറാവിനോട് പറഞ്ഞു ഞാൻ നിനക്ക് സൂത്രം കാണിച്ചുതരാം നിൻറെ കണ്ണുപൊത്തി കൊണ്ടുപോകാം ചിന്നു താറാവ് കണ്ണുതുറന്നു നോക്കിയപ്പോൾ നിറയെ മീൻ അവൾ അതെല്ലാം തിന്നു ചിന്നുവിന് ഒത്തിരി സന്തോഷമായി അവർ പിന്നെയും കളിക്കാൻ തുടങ്ങി പെട്ടെന്നാണ് ഒരു പാമ്പ് ചിക്കു തവളയെ പിടിക്കാൻ വന്നത് അപ്പോൾ ഇത് കണ്ട ചിന്നു താറാവ് പാമ്പിനെ കൊത്തിയോടിച്ചു ചിക്കുതവളയ്ക്ക് സന്തോഷമായി അവർ അങ്ങനെ പിന്നെയും കളിക്കാൻ തുടങ്ങി



Poster Maker

# വികൃതിക്കാരനായ പട്ടിക്കുട്ടി

ഒരിടത്ത് വലിയ വികൃതിക്കാരൻ ആയ നായ്ക്കുട്ടി ഉണ്ടായിരുന്നു അവൻറെ പേരാണ് ടോമി അവൻ അമ്മ പറയുന്നതൊന്നും അനുസരിക്കാറില്ല ഒരിക്കൽ പട്ടിക്കുട്ടി പുഴയുടെ അരികെ ഓടിച്ചാടി കളിക്കുകയായിരുന്നു അപ്പോൾ അവന്ഒരു എല്ലിൻ കഷ്ണം കിട്ടി. അവൻ അത് കടിച്ചു കൊണ്ടിരിക്കുമ്പോൾ എല്ലിൻ കഷ്ണം പുഴയിലേക്ക് വീണുപോയി. അവൻ അത് എടുക്കാനായി പുഴയിലേക്ക് ഇറങ്ങിയപ്പോൾ വെള്ളത്തിലേക്ക് വീണുപോയി അവൻ പേടിച്ചു നിലവിളിച്ചു ഇതുകേട്ട അമ്മ ഡയാന ഓടിവന്നു ടോമിയെ രക്ഷിച്ചു അനുസരിക്കാത്ത തിന്റെ ഫലം അവനു കിട്ടി അന്നുമുതൽ അവൻ നല്ല നായ കുട്ടിയായി വളർന്നു



Poster Maker

# കാട്ടിലെ കൂട്ടുകാർ

ഒരു ദിവസം കാട്ടിലെ കൂട്ടുകാരായ ടിട്ടു മുയലും ബാലു കരടിയും ചിക്കു കഴുതയും വരയൻ കടുവയും കൂടി ബലൂൺ പറത്തി കളിക്കുകയായിരുന്നു
ടിട്ടുമുയൽ ബലൂൺ പറത്തി മുകളിലോട്ട് പൊങ്ങിപ്പോയി പെട്ടെന്ന് ബലൂൺ പൊട്ടി മുയൽ മരത്തിൽ കുടുങ്ങിപ്പോയി അവന് വലിയ വിഷമമായി എങ്ങനെ താഴെയിറങ്ങും എല്ലാവരും കൂടി ചിന്തിച്ചു അപ്പോൾ വരയൻ കടുവ ഒരു സൂത്രം പറഞ്ഞു ഞാൻ ഒരു വള്ളി കൊണ്ടുവരാം. അതു മരത്തിൽ കെട്ടിപ്പതുക്കെ നീ ഇറങ്ങിക്കോളു
ഇതുകേട്ട എല്ലാവർക്കും സന്തോഷമായി



Poster Maker

# ചിത്രകാരിയായ കാത്തു

ഒരു ദിവസം കാത്തു പൂച്ച അവളുടെ ചിത്രം കണ്ണാടിയിൽ നോക്കി വരയ്ക്കുകയായിരുന്നു അങ്ങനെ അവൾ ചിത്രം വരയ്ക്കാൻ തുടങ്ങി. ചിത്രം വരച്ചു കഴിയാറായപ്പോൾ അത് ഒരു കടുവയുടെ ചിത്രമായി മാറി

ഇതു കണ്ടുവന്ന കാത്തുവിന്റെ കൂട്ടുകാരനായ മിട്ടു പൂച്ച അവളെ ഒന്ന് പറ്റിക്കാം എന്ന് വിചാരിച്ചു കടുവയുടെ ശബ്ദമുണ്ടാക്കി.ഗർർർ എന്നൊരു ശബ്ദം കേട്ട് കാത്തു പൂച്ച ഞെട്ടി. അയ്യോ ഇതെവിടുന്നാ ഈ ശബ്ദം ഞാൻ വരച്ചത് കടുവയായി മാറിയോ ഇതിന് ജീവനുണ്ടോ ഇത് കണ്ടമിട്ടു പൂച്ച ചിരിക്കാൻ തുടങ്ങി. അപ്പോഴാണ് അവൾക്ക് കാര്യം മനസ്സിലായത്.



Poster Maker

# ചിക്കുവും മിക്കുവും

ഒരിടത്ത് കൂട്ടുകാരായ രണ്ടു കുരങ്ങന്മാർ
ഉണ്ടായിരുന്നു അവരുടെ പേരാണ് ചിക്കു മിക്കു
ഒരിക്കൽ അവർ കളിച്ചുകൊണ്ടിരിക്കുമ്പോൾ
വല്ലാത്ത വിശപ്പ് തോന്നി ചിക്കു പറഞ്ഞു എന്താ
കഴിക്കേണ്ടത് അപ്പോൾ മിക്കു പറഞ്ഞു അതാ
ഒരു വാഴപ്പഴം നമുക്ക് അത് പറിക്കാം എങ്ങനെ
പറിക്കും അവർക്ക് ഒരു സൂത്രം തോന്നി
മിക്കു ഒരു മരത്തടിയും ചിക്കു ഒരു പലകയും
കൊണ്ടുവന്നു അവർ മരത്തടിയുടെ മുകളിൽ
പലക വച്ചു ഒരു വശത്ത് ചിക്കു കയറി നിന്നു
മിക്കു മരത്തിന്റെ മുകളിൽ കയറി മറ്റേ വശത്തേക്ക്
തുള്ളി അപ്പോൾ ചിക്കു മുകളിലേക്ക് പൊങ്ങി.
വാഴക്കുലയുടെ അടുത്തെത്തി വാഴക്കുല പറിച്ചു
അവർ രണ്ടുപേരും തിന്നു



Poster Maker

# വികൃതികളായ കരടികൾ

ഒരിടത്ത് വികൃതികളായ രണ്ട് കരടിക്കുട്ടന്മാർ ഉണ്ടായിരുന്നു അവരുടെ പേരാണ് അക്കു മിക്കു അവർക്ക് ആകാശത്തുകൂടി പറക്കാൻ മോഹം തോന്നി അവർ അച്ഛനോട് പോയി കാര്യം പറഞ്ഞു അപ്പോൾ അച്ഛൻ പറഞ്ഞു വേണ്ട മക്കളെ താഴെ വീണു പോകും. അവർ വാശിപിടിച്ചു അച്ഛൻ ബലൂൺ വീർപ്പിച്ചു കൊടുത്തു അവർ ബലൂണിന്റെ മുകളിൽ കയറി പറക്കാൻ തുടങ്ങി കുറെ മുകളിലെത്തിയപ്പോൾ പെട്ടെന്ന് തേനീച്ചകൾ എവിടെനിന്നോ വന്ന് അവരെ കുത്താൻ തുടങ്ങി തേനീച്ചയുടെ കുത്തുകൊണ്ട് അവർ താഴെ വീണുപോയി. അച്ഛൻ പറഞ്ഞത് അനുസരിക്കാമായിരുന്നു അവർ ചിന്തിച്ചു



Poster Maker

# പൂച്ചയ്ക്കു പറ്റിയ അബദ്ധം


ഒരു ദിവസം കിങ്ങിണി പൂച്ച വീട്ടിലെ ചെടികൾക്കെല്ലാം വെള്ളമൊഴിക്കുകയായിരുന്നു അപ്പോൾ ചക്കിപ്പൂച്ച വന്ന് കിങ്ങിണിയോട് പറഞ്ഞു ഞാൻ നിൻറെ ഫോട്ടോ എടുക്കാം അപ്പോൾ കിങ്ങിണി പറഞ്ഞു ശരി ഞാൻ ഇവിടെ നിൽക്കാം അങ്ങനെ ഫോട്ടോ എടുക്കുന്ന തിരക്കിനിടയിൽ കിങ്ങിണിയുടെ കൈയ്യിലുണ്ടായിരുന്ന വെള്ളം താഴെ കിടന്നിരുന്ന ഗോലുപട്ടിയുടെ ദേഹത്ത് വീണു. അവൻ ചാടി എഴുന്നേറ്റു ആരടാ വെള്ളമൊഴിച്ചത് ഇതുകേട്ട പൂച്ചകൾ പേടിച്ചു വിറച്ചു ഇതെല്ലാം കണ്ടുനിന്ന ചുണ്ടനെലിക്ക് ഒത്തിരി സന്തോഷമായി തന്റെ ശത്രുവായ പൂച്ചകൾക്ക് പട്ടിക്കുട്ടന്റെ കൈയ്യിൽ നിന്നും നല്ലത് കിട്ടിയത് തന്നെ



Poster Maker

# ഡോക്ടറും കരടിയും

നീലിമല കാട്ടിൽ ഒരുനാൾ തങ്കുക്കരടിക്ക് കോവിഡ് വന്നു അവൻ ഡോക്ടറെ വിളിച്ചു. ഡോക്ടറെ എനിക്ക് കോവിഡ് ആണ് എന്നെ പരിശോധിക്കണം അപ്പോൾ ഡോക്ടർ പറഞ്ഞു ശരി ഞാൻ വരാം അങ്ങനെ ഡോക്ടർ തങ്കുവിന്റെ വീട്ടിലെത്തി അവനെ പരിശോധിച്ചു മരുന്നു നൽകാനായി ഡോക്ടർ സൂചി എടുത്തപ്പോൾ അവൻ പേടിച്ചു മരത്തിന്റെ മുകളിൽ കയറി അവൻ കയറിയത് ഒരു ചെറിയ കൊമ്പിൽ ആയിരുന്നു അവൻറെ ഭാരം കൊണ്ട് കൊമ്പ് പൊട്ടി താഴെ വീണു അതോടെ തങ്കു കരടിയുടെ നടുവും ഒടിഞ്ഞു



Poster Maker

# സ്നേഹമുള്ള നായക്കുട്ടൻ

ഒരിടത്ത് മണിക്കുട്ടി എന്ന ഒരു ആട്ടിൻകുട്ടി ഉണ്ടായിരുന്നു. അവളുടെ അമ്മ അസുഖം വന്ന് മരിച്ചുപോയി അതോടെ അവൾ ഒറ്റയ്ക്കായി അവൾ വിശന്നു കരയാൻ തുടങ്ങി. അപ്പോഴാണ് അതുവഴി ഒരു നായക്കുട്ടൻ വന്നത് അവൻറെ പേരാണ് വിക്കി


നീ എന്തിനാ കരയുന്നത് അപ്പോൾ മണിക്കുട്ടി പറഞ്ഞു വിശന്നിട്ട് എനിക്ക് ആരുമില്ല എന്റെ അമ്മ മരിച്ചുപോയി അപ്പോൾ നായക്കുട്ടൻ പറഞ്ഞു കരയേണ്ട ഞാൻ നിനക്ക് പാൽ കൊണ്ട് തരാം. വിക്കി പോയി പാൽ കുപ്പിയുമായി വന്നു മണിക്കുട്ടി മതിയാവോളം പാൽ കുടിച്ചു



Poster Maker

# ഒറ്റപ്പെട്ട ആനക്കുട്ടൻ

ഒരു ദിവസം ഡിങ്കി ആന കുടുംബത്തോടൊപ്പം നദിയിൽ കുളിക്കാൻ പോയി കുളി കഴിഞ്ഞ് തിരിച്ചു വരുമ്പോൾ കൂട്ടംതെറ്റി കാട്ടിൽ ഒറ്റപ്പെട്ടു. രാത്രിയായപ്പോൾ അവന് പേടിയായി അപ്പോൾ അതുവഴി വന്ന കുഞ്ഞനെലി അവനോട് നീ എന്തിനാ വിഷമിച്ചിരിക്കുന്നത് എന്ന് ചോദിച്ചു എനിക്ക് എൻറെ അച്ഛനെയും അമ്മയെയും കാണണം ഞാൻ ഇവിടെ ഒറ്റയ്ക്കായി കുഞ്ഞനെലി പറഞ്ഞു സാരമില്ല ഞാനില്ലേ കൂടെ രാവിലെ അന്വേഷിക്കാം അത് കേട്ടപ്പോൾ ഡിങ്കിക്ക് സന്തോഷമായി



Poster Maker

# പിറന്നാൾ ആഘോഷം

കിങ്ങിണിക്കാട്ടിലെ മൃഗങ്ങളെല്ലാം നല്ല കൂട്ടുകാരായിരുന്നു എല്ലാവരും സന്തോഷത്തോടെ ജീവിച്ചിരുന്നു. ഒരുന്നാൾ കുഞ്ഞനണ്ണാന്റെ പിറന്നാൾ വന്നെത്തി. എല്ലാവരും ആഘോഷിക്കാൻ തീരുമാനിച്ചു അങ്ങനെ പിറന്നാളിനുള്ള ഒരുക്കങ്ങൾ തുടങ്ങി ബാലു കരടിയും നീലി കുറുക്കനും പോയി കെയ്ക്ക് വാങ്ങി വന്നു തങ്കുമുയലും ചിന്നൻ ചീവീടും പായസം ഉണ്ടാക്കി അങ്ങനെ അവർ കെയ്ക്ക് മുറിച്ചു പാട്ടും ഡാൻസുമായി ആഘോഷിച്ചു കുഞ്ഞനണ്ണാന് സന്തോഷമായി



Poster Maker

# കരടിയും കുട്ടിയും

ചിന്നുക്കരെടിയും മാളുവും നല്ല കൂട്ടുകാരായിരുന്നു ഒരു ദിവസം അവർ കളിച്ചുകൊണ്ടിരിക്കുമ്പോൾ മരത്തിൽ നല്ല ചുവന്ന ആപ്പിൾ പിടിച്ചത് കണ്ടു അത് കണ്ടപ്പോൾ മാളുവിന് കൊതിയായി എങ്ങനെ പറിക്കും എനിക്ക് ആപ്പിൾ പറിക്കാൻ കഴിയില്ലല്ലോ മാളു പറഞ്ഞു.
വിഷമിക്കേണ്ട എന്റെ പുറത്തുകയറി പറിച്ചോളൂ ചിന്നു കരടി പറഞ്ഞു മാളു കരടിയുടെ പുറത്ത് കയറി ആപ്പിൾ പറിച്ചു അപ്പോൾ ചിഞ്ചു കിളി വന്ന് എനിക്കും ആപ്പിൾ തരുമോ എന്ന് ചോദിച്ചു .ഓ... തരാമല്ലോ അങ്ങനെ അവർ മൂന്നുപേരും സന്തോഷത്തോടെ ആപ്പിൾ കഴിച്ചു



Poster Maker

# അമ്മിണി താറാവും കുഞ്ഞുങ്ങളും

ഒരു ദിവസം അമ്മിണി താറാവും അവളുടെ കുഞ്ഞുങ്ങളും കുളത്തിൽ കുളിക്കാൻ വന്നു. അപ്പോൾ മുകളിൽ കുറച്ചു തുമ്പികൾ പറക്കുന്നത് ഒരു കുഞ്ഞി താറാവ് കണ്ടു. അവന് തുമ്പികള പിടിക്കാൻ മോഹം തോന്നി അവൻ അമ്മയുടെ പുറത്തുകയറി തുമ്പികളെ പിടിക്കാൻ നോക്കി എത്ര ശ്രമിച്ചിട്ടും അവന് തുമ്പികളെ പിടിക്കാൻ കഴിഞ്ഞില്ല വേണ്ട മോനെ വേണ്ട അവർ അങ്ങനെ പറന്നോട്ടെ നീ ഇവർക്കൊപ്പം നീന്തിക്കളിക്ക് അമ്മിണി താറാവ് പറഞ്ഞു ഇതുകേട്ട് കുഞ്ഞി താറാവ് അവരോടൊപ്പം കളിക്കാൻ പോയി



Poster Maker

# അക്കു കുറുക്കന്റെ വിഷമം


ഒരിക്കൽ അക്കു കുറുക്കൻ വളരെ വിഷമത്തോടെ ഇരിക്കുകയായിരുന്നു കാരണം അവന്റെ വാലിലെ രോമം കൊഴിഞ്ഞു പോകാൻ തുടങ്ങിയിരുന്നു ഇങ്ങനെ പോയാൽ എനിക്ക് വാലുണ്ടാകിലല്ലോ ഇനി എന്തു ചെയ്യും കൂട്ടുകാരോടൊപ്പം വാലില്ലാതെ എങ്ങനെ നടക്കും കുറുക്കൻ അങ്ങനെ വൈദ്യരെ കാണിച്ചു വൈദ്യര് അക്കു കുറുക്കന് മരുന്ന് നൽകി അവൻ അത് വാലിൽ പുരട്ടാൻ തുടങ്ങി കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവന്റെ വാലിലെ രോമം കൊഴിയാതായി കുറുക്കന് സന്തോഷമായി .



Poster Maker

# ആനയും കുട്ടികളും


അപ്പുവും അമ്മുവും ഒരുന്നാൾ നാട്ടിലെ അമ്പലത്തിൽ ഉത്സവം കാണാൻ പോയി അവിടെ ഒരുപാട് ചന്തകളും നെറ്റിപ്പട്ടം കെട്ടിയ ആനയും ഉണ്ടായിരുന്നു ആനയെ കണ്ടപ്പോൾ അപ്പുവിനും അമ്മുവിനും ആനപ്പുറത്ത് കയറാൻ കൊതിയായി പേടിയുണ്ടെങ്കിലും അപ്പുവും അമ്മുവും അങ്ങനെ ആനപ്പുറത്ത് കയറി അവർക്ക് ഒരുപാട് സന്തോഷമായി



Poster Maker

# കുഞ്ഞിക്കോഴിയുടെ മോഹം

ഒരു വീട്ടിൽ ഒരു കുഞ്ഞിക്കോഴി ഉണ്ടായിരുന്നു അവളുടെ പേരാണ് ചിന്നു അവൾക്ക് തോണിയിൽ കയറാൻ മോഹം തോന്നി.തോണി എവിടുന്ന് കിട്ടും അവൾ ചിന്തിച്ചു.ചിന്നുക്കോഴി അമ്മയോട് പറഞ്ഞ് ഒരു തോണി ഉണ്ടാക്കി അമ്മ ഒരു പാത്രത്തിൽ നിറയെ വെള്ളമൊഴിച്ചു തോണി വെള്ളത്തിൽ ഇട്ടു കുഞ്ഞിക്കോഴി ആ തോണിയിൽ കയറി അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിച്ചു. ചിന്നുക്കോഴിക്ക് സന്തോഷമായി



Poster Maker

# ആർക്കും കിട്ടാത്ത ആപ്പിൾ

ഒരു ദിവസം അപ്പുവും മുത്തച്ഛനും നടക്കാനിറങ്ങിയപ്പോൾ വഴിയിൽ ഒരു ആപ്പിൾ മരത്തിൽ ഒരു ആപ്പിൾ കണ്ടു അപ്പു ആപ്പിൾ പറിക്കാനായി മുത്തച്ഛൻെറ വടിയെടുത്ത് ആപ്പിൾ മരത്തിൽ എറിഞ്ഞു അപ്പോൾ വടി മുത്തച്ഛൻെറ തലയിൽ വീണു. പിന്നീട് മുത്തച്ഛൻ വടിയെടുത്ത് ആപ്പിൾ പറിക്കാൻ നോക്കി എന്നിട്ടും കിട്ടിയില്ല പിന്നെ ഷൂസ് കൊണ്ട് എറിഞ്ഞു അപ്പോഴും ആപ്പിൾ കിട്ടിയില്ല ഷൂസ് മരത്തിൽ കുടുങ്ങി അങ്ങനെ അപ്പുവും മുത്തച്ഛനും ഷൂസും എടുത്ത് ആപ്പിൾ കിട്ടാതെ വീട്ടിലേക്ക് മടങ്ങി. അവർ തിരിച്ചു പോയപ്പോൾ ആപ്പിൾ തന്നാലെ വീണു



Poster Maker

# നന്മയുള്ളവർ




ചിന്നുത്താറാവും ചിക്കുത്തവളയും
നല്ല ചങ്ങാതിമാരായിരുന്നു





അവർ വെള്ളത്തിലൂടെ നീന്തി
കളിക്കുകയായിരുന്നു അപ്പോൾ
ചിക്കുത്തവള ചിന്നുത്താറാവിനോട്
പറഞ്ഞു ഞാൻ നിനക്ക് സൂത്രം
കാണിച്ചു തരാം

നിൻെറ കണ്ണുപൊത്തി
കൊണ്ടുപോകാം ചിന്നുത്താറാവ്
കണ്ണുതുറന്നു നോക്കിയപ്പോൾ നിറയെ
മീൻ അവൾ അതെല്ലാം തിന്നു





ചിന്നുവിന് ഒത്തിരി സന്തോഷമായി
അവർ പിന്നെയും കളിക്കാൻ തുടങ്ങി



പെട്ടെന്നാണ് ഒരു പാമ്പ്
ചിക്കുത്തവളയെ പിടിക്കാൻ വന്നത്



ഇതു കണ്ട ചിന്നുത്താറാവ്
പാമ്പിനെ കൊത്തിയോടിച്ചു




ചിക്കുത്തവളയ്ക്ക് സന്തോഷമായി
അവർ പിന്നെയും കളിക്കാൻ തുടങ്ങി

Poster Maker

# അനുസരണക്കേടിന്റെ ഫലം



ഒരിടത്ത് വികൃതിക്കാരനായ പട്ടിക്കുട്ടി
ഉണ്ടായിരുന്നു .അമ്മ പറയുന്നതൊന്നും
അവൻ അനുസരിക്കില്ല





അവൻ പുഴയുടെ അരികെ
ഓടിക്കളിക്കുകയായിരുന്നു

അപ്പോൾ അവനൊരു എല്ലിൻ
കഷ്ണം കിട്ടി





അവൻറെ കയ്യിൽ
നിന്നും അത്
പുഴയിലേക്ക്
വീണു



എല്ലിൻ
കഷ്ണം
എടുക്കാൻ
പോയപ്പോൾ
അവൻ
പുഴയിൽ
വീണു

നിലവിളി കേട്ടപ്പോൾ അമ്മ ഓടി വന്ന്
അവനെ രക്ഷിച്ചു



Poster Maker

Poster Maker

